6. പാഠപുസ്തകം തയ്യാറാക്കുന്ന വേളയിൽ വിഷയ വിദഗ്ദ്ധരുടേയും വിനിമയ വിദഗ്ദ്ധരുടെയും സേവനം പ്രയോജനപ്പെടുത്തിവരുന്നു.

7. പാഠപുസ്തകം, സിലബസ്, അദ്ധ്യാപക സഹായി എന്നിവ വെബ്സൈറ്റിൽ നൽകുന്നതിന് നടപടി സ്വീകരിച്ചു.

8. ഇംഗ്ലീഷ് പരിഭാഷ നിർവഹിക്കുന്നതിന് ഒരു പ്രൊഫഷണൽ ടീമിന്റെ സേവനം പ്രയോജനപ്പെടുത്തി വരുന്നു.

9. പാഠപുസ്തകങ്ങളെ പാഠ്യപദ്ധതി സമീപന രേഖയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ എസ്.സി.ഇ.ആർ.ടി.ക്ക് നൽകുകയും ചെയ്യുക എന്ന പ്രധാന ലക്ഷ്യത്തോടെ ഒരു ടെക്സ്റ്റ് ബുക്ക് കമ്മീഷൻ രൂപീകരിക്കാൻ തീരുമാനമായിട്ടുണ്ട്.

## (2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിന് നടപടി

1 (4392) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂളുകൾ വരെയുള്ള പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യമേഖലയിലെ അൺഎയ്ഡഡ്, അൺറെക്കഗ്നൈസ്ഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തള്ളിക്കയറ്റംമൂലം സർക്കാർ-എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടുന്ന അവസ്ഥ ഒഴിവാക്കുന്നതിനും, ഇത്തരം സ്കൂളുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുമായി എന്തൊക്കെ നിയമങ്ങളാണ് നിലവിലുള്ളത് ; എന്തൊക്കെ നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) സർക്കാർ സ്കൂളുകൾ പൂട്ടുന്നതോടുകൂടി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും, മറ്റ് സംവരണ സമുദായങ്ങൾക്കും ലഭിക്കേണ്ട തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സ്കൂളുകൾ അപഗ്രേഡ് ചെയ്യുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളത് ; വിശദമാക്കുമോ ;

(ഇ) ഏറ്റവുമൊടുവിൽ സർക്കാർ മേഖലയിൽ എൽ.പി., യു.പി., സ്കൂളുകൾക്ക് അപ്ഗ്രഡേഷൻ നൽകിയത് ഏതുവർഷമാണ് ; ഏതൊക്കെ സ്കൂളുകളായിരുന്നു അന്ന് അപ്ഗ്രേഡ് ചെയ്യപ്പെട്ടത് ; പേരുവിവരം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സർക്കാർ ഹൈസ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിലോ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലോ പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങൾ കൂടുതലായി ഉള്ള സ്ഥലങ്ങളിലോ സർക്കാർ യു.പി.സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ; ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അദ്ധ്യാപകർക്ക് നൽകിയ തുടർച്ചയായ പരിശീലനങ്ങൾ, ക്ലസ്റ്റർതല പരിശീലനങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട 107 സ്കൂളുകളിൽ നടപ്പിലാക്കിയ തീവ്രകർമ്മ പരിപാടികൾ (QEPR), തൽസ്ഥല അദ്ധ്യാപക സഹായങ്ങൾ (OSS) തുടങ്ങിയവ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി. വിജയ ശതമാനത്തിൽ കഴിഞ്ഞ മൂന്ന് വർഷമായി അനുഭവപ്പെടുന്ന വ്യക്തമായ ഉയർച്ച കാണിക്കുന്നത് ഈ പരിപാടികളുടെ വിജയമാണ്. വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, എസ്.എസ്.എ., എസ്.സി.ഇ.ആർ.ടി., സീമാറ്റ്, എസ്.ഐ.ഇ.ടി. എന്നീ വിഭാഗങ്ങൾ ഒരു പൊതു പ്രവർത്തന കലണ്ടർ തയ്യാറാക്കി അദ്ധ്യാപക ശാക്തീകരണം നടപ്പിലാക്കിയിട്ടുണ്ട്. വ്യക്തമായ ആസൂത്രണത്തോടെ ക്ലസ്റ്റർതല പരിശീലനങ്ങൾ തുടർച്ചയായി നടപ്പിലാക്കി. ജില്ലകളിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും ഡയറ്റ് പ്രിൻസിപ്പൽമാരും ജില്ലാ പ്രോജക്ട് ഓഫീസർമാരും എല്ലാമാസവും കൂടി ചേർന്ന് ജില്ലകളിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതുപോലെ തന്നെ ഓരോ മാസത്തേയും പ്രവർത്തനം വിലയിരുത്തി സംസ്ഥാനതല പ്രതിമാസ അവലോകന യോഗങ്ങളിൽ അവതരിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനതല പരിപാടികൾ ക്രമീകരിച്ചിരുന്നത്. എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക ഒഴിവുകൾ പരമാവധി നികത്തി പഠനം സുഗമമാക്കി. തെരഞ്ഞെടുക്കപ്പെട്ട 107 സ്കൂളുകളിൽ എല്ലാ വിഷയങ്ങൾക്കും അദ്ധ്യാപകരെ കുട്ടികളുടെ എണ്ണം ബാധകമാക്കാതെ നിയമിച്ചു. ഈ സ്കൂളുകളിൽ പഠനകൂട്ടങ്ങൾ സംഘടിപ്പിച്ചു. രാത്രി കാലങ്ങളിൽ അയൽപക്ക പഠനകേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കി. ഈ സ്കൂളുകളിൽ ചങ്ങാതി, ഒരുക്കം തുടങ്ങിയ പ്രത്യേക പഠന സഹായികൾ വിതരണം ചെയ്തു. ലോക്കൽ റിസോഴ്സ് അദ്ധ്യാപകരെ കണ്ടെത്തി ഉപയോഗപ്പെടുത്തി. ഇതുപോലുള്ള പ്രവർത്തന പരിപാടികൾ മറ്റു സ്കൂളുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കപ്പെട്ടു. പഞ്ചായത്ത് തലത്തിൽ അദ്ധ്യാപക സംഗമം നടത്തി. അദ്ധ്യാപകർ ഒരുമിച്ച് കൂടി ഗുണമേന്മയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ചർച്ച ചെയ്തു. ആയത് സ്കൂളുകളിൽ പ്രാവർത്തികമാക്കി. കൂടാതെ അദ്ധ്യാപകർക്ക് അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുമ്പ് അവധിക്കാല പരിശീലനം നൽകി. അദ്ധ്യാപക രക്ഷാകർത്തൃ സമിതി ശക്തിപ്പെടുത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികളുടെ പഠന പുരോഗതി നിരന്തരം ശ്രദ്ധിച്ചു വിലയിരുത്തുന്നതിന് നിർദ്ദേശം നൽകി. വിദ്യാർത്ഥികളെ പാഠശാലയിലേയ്ക്ക് ആകർഷിക്കത്തക്ക വിധത്തിൽ ക്ലാസ്മുറികൾ ആകർഷകമാക്കി.

(ബി) ഇത്തരം വിദ്യാലയങ്ങൾ നിയമവിരുദ്ധമാണെന്ന് അറിയിക്കുകയും എല്ലാ വിദ്യാർത്ഥികളേയും സർക്കാർ/എയിഡഡ്/അംഗീകൃത വിദ്യാലയങ്ങളിൽ പഠിപ്പിക്കണമെന്ന് ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇവയിൽ പഠിക്കുന്ന കുട്ടികളെ ഒരു പരീക്ഷ വഴി പൊതു ധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് കഴിഞ്ഞവർഷങ്ങളിൽ ശ്രമം നടത്തി.

(സി) ഇല്ല.

(ഡി) യു.പി.സ്കൂളിന്റെ കാര്യത്തിൽ 3 കിലോമീറ്ററും ഹൈസ്കൂളിന്റെ കാര്യത്തിൽ 5 കിലോമീറ്ററും ചുറ്റളവിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാണോ എന്ന് ഒരു വിദഗ്ദ്ധ സമിതി പരിശോധിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യമെന്ന് കണ്ടാൽ വിദ്യാലയങ്ങൾ അപഗ്രേഡ് ചെയ്യുന്നതിന് ശുപാർശ ചെയ്യുന്നതാണ്.

(ഇ) കണ്ണൂർ ജില്ലയിലെ ആറളം ഗവ.യു.പി.സ്കൂൾ ഹൈസ്കൂളായി ഉയർത്തി 8-3-2010-ൽ ജി.ഒ.(എം.എസ്.) 36/2010/പൊ.വി.വ.പ്രകാരം ഉത്തരവായിട്ടുണ്ട്.

(എഫ്) സർക്കാർ ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സർക്കാർ ഹൈസ്കൂൾ അനുവദിക്കുകയെന്നതനുസരിച്ച് 11 സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ സർക്കാർ ഹൈസ്കൂളുകൾ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകൾ ഒന്നും തന്നെ കേരളത്തിൽ ഇല്ല. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലോ പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങൾ കൂടുതലായി ഉള്ള സ്ഥലങ്ങളിലോ ആവശ്യമായ സ്കൂളുകൾ ഇല്ലെങ്കിൽ അവിടെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം

2 (4393) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 10-ാം ക്ലാസുവരെയുള്ള വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാർ സ്കൂളുകളിൽ 10-ാം ക്ലാസുവരെയുള്ള ക്ലാസ്സുകളിൽ എത്ര വിദ്യാർത്ഥികൾ ഉണ്ടായിരുന്നു ;



LIBRARY ARCHIVES Kerala Legislative Assembly